# ഓൺലൈൻ ലോട്ടറി : രണ്ടരലക്ഷംപേർ വഴിയാധാരമാകുന്നു

സുനിൽ. സി.എൻ

ഏറെ ജനപ്രീതി നേടിയ ഓൺലൈൻ ലോട്ടറി കേരളത്തിൽ ഗുരുതരമായ സാമൂഹ്യ പ്രത്യാഘാതം സൃഷ്ടിക്കുമെന്ന് ആശങ്ക. ലക്ഷക്കണക്കിന് ലോട്ടറി വില്പനക്കാരുടെ ജീവിതത്തിന് ഭീഷണിയാകുന്ന ഓൺലൈൻ ലോട്ടറിക്കെതിരെ വ്യാപകമായ പ്രതിഷേധം ഉയർന്നു കഴിഞ്ഞു.

പ്ലേവിൻ സൂപ്പർ ലോട്ടോയുടെ വരവോടു കൂടി, കേരള സർക്കാറിന്റെ ലോട്ടറി സംവിധാനം തകർച്ച നേരിടുകയാണ്. മുപ്പതിനായിരത്തോളം അംഗീകൃത ഏജന്റുമാരുടെയും രണ്ടര ലക്ഷത്തോളം ലോട്ടറി വില്പനക്കാരുടെയും ഉപജീവനമാർഗം ഇതു വഴി തടയപ്പെടുന്നു എന്നത് പ്രതിസന്ധി രൂക്ഷമാക്കുന്നു.

ഓൺലൈൻ ലോട്ടറി ആരംഭിച്ചതിനു ശേഷം കേരള സർക്കാറിന്റെ ലോട്ടറി മുഖാന്തിരമുള്ള വരുമാനത്തിൽ കാര്യമായ ഇടിവ് സംബന്ധിച്ചതായി കണക്കുകൾ സൂചിപ്പിക്കുന്നു. സജീവമായിരുന്ന സൗഭാഗ്യ, കൈരളി, പെരിയാർ, സുരഭി എന്നീ പ്രതിവാര ലോട്ടറികളുടെ മാത്രമല്ല ഏറെ പ്രതീക്ഷ നൽകാറുള്ള ഓണം ബമ്പറും ഇത്തവണ വരുമാനത്തിൽ ഗണ്യമായ കുറവ് കാണിക്കുന്നു.

ആദ്യമായാണ് കേരളസർക്കാർ ലോട്ടറി ഇത്തരമൊരു പ്രതിസന്ധി നേരിടുന്നതെന്നും ഓൺലൈൻ ലോട്ടറിയാണ് ഇതിനു പിന്നിൽ എന്നും ലോട്ടറി വില്പനക്കാർ രോഷത്തോടെ പറയുന്നു. വെറും പത്ത് രൂപ മുടക്കിയാൽ കോടികൾ സമ്മാനം ലഭിക്കുന്ന കമ്പ്യൂട്ടർ ലോട്ടറികൾ ഉള്ളപ്പോൾ സർക്കാർ ലോട്ടറികൾ പിന്തള്ളപ്പെടുന്നത് സ്വാഭാവികം മാത്രം.

എന്നാൽ ഈ പ്രവണത കേരളത്തിൽ ഏറെ പ്രത്യാഘാതങ്ങളുണ്ടാക്കുമെന്നാണ് നിരീക്ഷകർ മുന്നറിയിപ്പ് നൽകുന്നത്. മുപ്പതിനായിരത്തിലേറെ ഏജന്റുമാരും രണ്ടരലക്ഷത്തിലേറെ വില്പനക്കാരും തൊഴിൽ രഹിതരാകുന്നത് നേരിടാൻ കേരളത്തിന് സാധിക്കില്ലെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. അവശത അനുഭവിക്കുന്ന വികലാംഗരും സ്ത്രീകളുമുൾപ്പെടെയുള്ളവരാണ് ലോട്ടറിവില്പനക്കാരിൽ ബഹുഭൂരിപക്ഷവും. മറ്റു തൊഴിലുകളൊന്നും ചെയ്യാൻ കഴിവില്ലാത്ത ഇവരുടെ പുനരധിവാസം കേരള സമൂഹത്തിന് വൻബാധ്യതയായിത്തീരുമെന്നുറപ്പ്.

പൂർണമായും നിയമാനുസൃതവും സുതാര്യവുമായ ലോട്ടറി സംവിധാനമുള്ള അപൂർവ്വം സംസ്ഥാനങ്ങളിലൊന്നാണ് കേരളം. പ്രഖ്യാപിച്ച മുഴുവൻ സമ്മാനങ്ങളും വിതരണം ചെയ്യുന്നു എന്നതും വില്പന നടത്തിയ ടിക്കറ്റുകൾ മാത്രമേ നറുക്കെടുപ്പിന് പരിഗണിക്കുന്നുള്ളൂ എന്നതും കേരള സർക്കാർ ലോട്ടറികളുടെ വിശ്വാസ്യത കൂട്ടുന്നു. ജില്ലാ ഓഫീസുകളിൽ സീലിംഗ് നടത്തുന്ന ഇവയുടെ സീൽ ഒത്തു നോക്കിയ ശേഷം മാത്രമേ സമ്മാനത്തിന് പരിഗണിക്കുകയുള്ളൂ. ഏജൻസികൾക്ക് സർക്കാർ ക്വട്ടേഷൻ നൽകുന്ന മറ്റ് പല സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി ശക്തമായ സംവിധാനം കേരളത്തിൽ നിലനിൽക്കുന്നു.

വിശ്വാസ്യതയുടെ കാര്യത്തിൽ ഓൺലൈൻ ലോട്ടറി ബഹുദൂരം പിന്നിലാണെന്നതാണ് സത്യം. (ഇത് സംബന്ധിച്ച് കേരളീയം മുൻ ലക്കങ്ങളിൽ വാർത്ത പ്രസിദ്ധീകരിച്ചിരുന്നു- ലക്കം 43,45) എത്ര ടിക്കറ്റുകളിൽ നിന്നാണ് വിജയിയെ തെരഞ്ഞെടുക്കുന്നത് എന്ന് അതിൽ വെളിപ്പെടുത്തുന്നില്ല. പെർമ്യൂട്ടേഷൻ കോമ്പിനേഷൻ എന്ന ഗണിതസൂത്ര പ്രകാരം ഇതിൽ ഉപയോഗിക്കുന്ന 1 മുതൽ 49 വരെയുള്ള നമ്പറുകളുപയോഗിച്ച് 1,39,83,816 സെറ്റ് നമ്പറുകൾ സൃഷ്ടിക്കാമെന്നിരിക്കെ ഈ ആശങ്ക ഏറെ പ്രാധാന്യമർഹിക്കുന്നതാണ്. ലോട്ടറീസ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന പ്ലേവിൻ ലോട്ടറിയിൽ നിന്നും കേരളസർക്കാരിന് വരുമാനം ലഭിക്കുന്നില്ല എന്നു മാത്രമല്ല അതിന്മേൽ നിയന്ത്രണങ്ങളുമില്ല.

മൂന്നരലക്ഷം രൂപ മുടക്കാൻ ശേഷിയുള്ളവർക്ക് മാത്രമേ പ്ലേവിൻ ലോട്ടറിയുടെ ഏജന്റുമാരാകാൻ കഴിയൂ. പേപ്പർ ലോട്ടറിയുടെ ഏജൻസി എടുക്കുന്നതിനുള്ള ചെലവാകട്ടെ 25 രൂപയും 2 ഫോട്ടോയും മാത്രമാണ്. കേന്ദ്രീകൃതമായി പ്രവർത്തിക്കുന്ന ഓൺലൈൻ ലോട്ടറി പലർക്കും ഒരു 'സൈഡ് ബിസിനസ്' ആയിരിക്കുമ്പോൾ സമൂഹത്തിലേക്കിറങ്ങി വ്യാപകമായി പ്രവർത്തിക്കുന്ന പേപ്പർ ലോട്ടറി പലരുടെയും ഉപജീവനമാർഗമാണ്. കേരളസർക്കാറിന്റെ ഒരു ലോട്ടറി ടിക്കറ്റ് ഉപഭോക്താവിലേക്കെത്തുമ്പോൾ അഞ്ചു പേരിലൂടെയെങ്കിലും കൈമാറുന്ന

# ഓൺലൈൻ ലോട്ടറി : രണ്ടരലക്ഷംപേർ വഴിയാധാരമാകുന്നു

1-ാം പേജ് തുടർച്ച

ണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്.

പ്ലേവിൻ ലോട്ടറി നിരോധിക്കണമെന്നാവശ്യപ്പെട്ട് കേരള ലോട്ടറി ഏജന്റ്സ് അസോസിയേഷൻ രംഗത്ത് വന്നിട്ടുണ്ട്. വ്യാപകമായ പോസ്റ്റർ പ്രചാരണം, ധർണ എന്നിവ നടത്തുന്ന അസോസിയേഷൻ തങ്ങളുടെ പ്രതിഷേധവുമായി ശക്തമായി മുമ്പോട്ട് പോകാനാണ് തീരുമാനിച്ചിട്ടുള്ളത്. നിലവിലുള്ള ലോട്ടറി നിയമമനുസരിച്ച് തന്നെ കേരളത്തിൽ ഓൺലൈൻ ലോട്ടറി നിരോധിക്കണമെന്നാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്.

എന്നിട്ടും സിക്കിം, കർണാടക എന്നീ സർക്കാരുകളുടെ ചുവട് പിടിച്ച് സർക്കാർ പങ്കാളിത്തത്തോടെ ഓൺലൈൻ ലോട്ടറി തുടങ്ങുവാനാണ് സർക്കാറിന്റെ നീക്കം. ഇത് സംബന്ധിച്ച് ദോഹയിലുള്ള ഇ.എൻ.ടി സ്പെഷ്യലിസ്റ്റ് ഡോ. മോഹൻ തോമസ് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടെന്നാണ് ധനമന്ത്രി കേരള നിയമസഭയിൽ അറിയിച്ചിട്ടുള്ളത്. ഒരു ബിനാമി ഇടപാടിൽ ഏർപ്പെടാനാണ് കേരള സർക്കാർ നീക്കമെന്നും ഭാവിയിൽ ഏതെങ്കിലും സ്വകാര്യ കമ്പനികൾക്ക് ഓൺലൈൻ ലോട്ടറി കൈമാറാനായിരിക്കും സാധ്യതയെന്നും ചിലരെങ്കിലും സംശയിക്കുന്നുണ്ട്.